പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5846 25.05. 2017 ൽ മറുപടിക്ക്

# ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവർക്ക് സബ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 നടപ്പിലാക്കാൻ സർക്കാർ നീട്ടി നൽകിയ സമയപരിധിക്ക് മുമ്പായി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തി സബ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) ഉണ്ട്. ഓവർസിയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) & അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ)-മാരെയും കെ.എസ്.ഇ.ബി.എൽ-ൽ കാലാകാലമായി നിയമിച്ചിരുന്ന രീതിയ്ക്ക് സി.ഇ.എ റഗുലേഷൻ 2010 പ്രകാരം ചില കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. സമഗ്രമായ പഠനത്തിനും ചർച്ചകൾക്കും ശേഷം മാത്രമേ കെ.എസ്.ഇ.ബി.എൽ-ൽ ബഹുഭൂരിപക്ഷം വരുന്ന സാങ്കേതിക ജീവനക്കാരുടെ നിയമനരീതി, പ്രൊമോഷൻ എന്നിവയെ ബാധിക്കുന്ന 2010-ലെ നിയമം പൂർണ്ണമായും ഉൾക്കൊള്ളിക്കാൻ സാധിക്കൂ എന്നതിനാൽ ടി വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി കമ്മിറ്റി പ്രസ്തുത വിഷയം ഗഹനമായി പഠിച്ച് വരുന്നതുമാണ്.<br><br>സബ് എഞ്ചിനിയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) എന്നിവരുടെ നിയമനം സംബന്ധമായി ബഹുവിധമായ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും ടി വിഷയത്തിൽ നിയമനത്തിനും പുനർവിന്യാസത്തിനും പ്രായോഗികമായ പരിഹാരം കണ്ടുപിടിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ ടി നിയമം കെ.എസ്.ഇ.ബി.എൽ-ൽ പൂർണ്ണമായും നടപ്പാക്കുന്നതിന് കൂടുതൽ സമയം അനുവദിച്ച് തരുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) സബ് എഞ്ചിനീയർ തസ്തികയിലേക്ക് അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവർക്ക് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യത എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് എന്ന് മാറ്റി ഉത്തരവാക്കിയിട്ടുണ്ടോ; ഐ.റ്റി.ഐ. യോഗ്യതയുള്ള സബ് എഞ്ചിനീയർമാർക്ക് ലാറ്ററൽ എൻട്രി ട്രെയിനിംഗ് | (ബി) സബ് എഞ്ചിനിയർ തസ്തികയിലേക്ക് അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതയായ ഡിഗ്രിയോ, ഡിപ്ലോമയോ ഇല്ലാത്തവർക്ക് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യത എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് എന്ന് മാറ്റി ഉത്തരവാക്കിയിട്ടില്ല. നിലവിലെ ബോർഡ് ഉത്തരവുകൾ പ്രകാരമാണ് പ്രൊമോഷൻ നൽകുന്നത്. ഐ.റ്റി.ഐ. യോഗ്യതയുള്ള സബ് എഞ്ചിനിയർമാർക്ക് ലാറ്ററൽ എൻട്രി ട്രെയിനിംഗ് കോഴ്സ് നൽകി ഡിപ്ലോമ നൽകുവാൻ തീരുമാനിച്ചിട്ടില്ല. |

| | |
|---|---|
| കോഴ്സ് നൽകി ഡിപ്ലോമ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;<br>(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സി.ഇ.എ. സേഫ്റ്റി റെഗുലേഷൻ 2010 നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) ഇല്ല. ഓവർസിയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) & അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ)-മാരെയും കെ.എസ്.ഇ.ബി.എൽ-ൽ കാലാകാലമായി നിയമിച്ചിരുന്ന രീതിയ്ക്ക സി.ഇ.എ റഗുലേഷൻ 2010 പ്രകാരം ചില കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. സമഗ്രമായ പഠനത്തിനും ചർച്ചകൾക്കും ശേഷം മാത്രമേ കെ.എസ്.ഇ.ബി.എൽ-ൽ ബഹുഭൂരിപക്ഷം വരുന്ന സാങ്കേതിക ജീവനക്കാരുടെ നിയമനരീതി. പ്രൊമോഷൻ എന്നിവയെ ബാധിക്കുന്ന 2010-ലെ നിയമം പൂർണ്ണമായും ഉൾക്കൊള്ളിക്കാൻ സാധിക്കു എന്നതിനാൽ ടി വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി കമ്മിറ്റി പ്രസ്തുത വിഷയം ഗഹനമായി പഠിച്ച് വരുന്നതുമാണ്.<br><br>സബ് എഞ്ചിനിയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) എന്നിവരുടെ നിയമനം സംബന്ധമായി ബഹുവിധമായ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും ടി വിഷയത്തിൽ നിയമനത്തിനും പുനർവിന്യാസത്തിനും പ്രായോഗികമായ പരിഹാരം കണ്ടുപിടിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ ടി നിയമം കെ.എസ്.ഇ.ബി.എൽ-ൽ പൂർണ്ണമായും നടപ്പാക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചു തരുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ